'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ്-അദ്ധ്യാപകരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നത്-കമ്പ്യൂട്ടർ കോഴ്സ് പാസ്സാകുന്നതിൽ ഇളവ് അനുവദിച്ച് ഉത്തരവാകുന്നു.

പൊതുവിദ്യാഭ്യാസ(ജെ)വകുപ്പ്

സ.ഉ.(കൈ) നം.89/2019/പൊ.വി.വ തീയതി,തിരുവനന്തപുരം, 16/07/2019

പരാമർശം:- 1 സ.ഉ.(കൈ)89/2011/പൊവിവ തീയതി 22.03.2011
2. സ.ഉ.(അച്ചടി)308/2013/പൊവിവ തീയതി 27.11.2013
3. സ.ഉ.(സാധാ)5068/2018/പൊവിവ തീയതി 01.12.2018

<u>ഉത്തരവ്</u>

അദ്ധ്യാപകർ അവരുടെ പ്രൊബേഷൻ കാലയളവ് വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് 45 മണിക്കൂറിൽ കുറയാത്ത കമ്പ്യൂട്ടർ കോഴ്സ് പാസ്സായിരിക്കണമെന്നും അത്തരം കോഴ്സുകൾ IT@School ന്റെ സഹായത്തോടെ SCERT തിരഞ്ഞെടുത്ത് പരിശീലനത്തിന് അദ്ധ്യാപകരെ തയ്യാറാക്കണമെന്നും പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. പരാമർശം 2 പ്രകാരം കേരള വിദ്യാഭ്യാസ ചട്ടത്തിൽ അതിനനുസൃതമായ ഭേദഗതി വരുത്തി. എന്നാൽ പാസ്സാകേണ്ട കോഴ്സിന്റെ വിശദാംശങ്ങൾ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം പരാമർശം 1 ലെ ഉത്തരവിലോ ചട്ടത്തിലോ ഉൾക്കൊള്ളിച്ചിട്ടില്ലായിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചശേഷം കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) തയ്യാറാക്കിയിട്ടുള്ള KITE's Open Online Learning -'KOOL' ഓൺലൈൻ പരിശീലന പോർട്ടൽ വഴി നടത്തുന്ന 45 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന അദ്ധ്യാപകർക്ക് കൈറ്റ് നൽകുന്ന സർട്ടിഫിക്കറ്റ് പ്രൊബേഷൻ ഡിക് ളയർ ചെയ്യുന്നതിനുള്ള മാനദണ്ഡമായി അംഗീകരിച്ച് പരാമർശം 3 പ്രകാരം ഉത്തരവായി.

2) പരാമർശം 1 പ്രകാരം 22.03.2011 ന് പുറത്തിറങ്ങിയ സർക്കാർ ഉത്തരവിലെ വ്യവസ്ഥയനുസരിച്ച് പാസ്സാകേണ്ടതായ കോഴ്സിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന കൃത്യവും സ്പഷ്ടവുമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചത് പരാമർശം 3 പ്രകാരം 01.12.2018 ലാണ്. തത് ഫലമായി, ഇക്കാലയളവിനിടയ്ക്ക് നിയമിതരായ അദ്ധ്യാപകരുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്ന നടപടി തടസ്സപ്പെടുന്നതായും തന്മൂലം അവർക്കുള്ള സാമ്പത്തികാനുകൂല്യങ്ങൾ വൈകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു.

3) മേല്പറഞ്ഞ സാഹചര്യങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രൊബേഷൻ കാലയളവിൽ 45 മണിക്കൂറിൽ കുറയാത്ത കമ്പ്യൂട്ടർ കോഴ്സ് പാസ്സായിരിക്കണമെന്നുള്ള പരാമർശം 1-ലെ വ്യവസ്ഥ 01.12.2018 വരെ നിയമനം ലഭിച്ച അദ്ധ്യാപകരുടെ കാര്യത്തിൽ നിർബ്ബന്ധമാക്കേണ്ടതില്ലെന്ന് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ.ഷാജഹാന്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും , ജില്ലാ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും( പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐറ്റി@സ്കൂൾ, തിരുവനന്തപുരം(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഡയറക്ടർ (വെബ്&ന്യൂ മീഡിയ)/(പ്രസ്സ് റിലീസ്), വിവര പൊതു ജന സമ്പർക്ക വകുപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ് :

ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എസ്സ്

വിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എസ്സ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ